## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 8035 — 24.07.2012-ൽ മറുപടിക്ക്

### പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കാർഷികവായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കാർഷികവായ്പ വിതരണം ചെയ്യുന്ന സമ്പ്രദായം നടക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നബാർഡിൽ നിന്ന് കാർഷികവായ്പ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുവാൻ നിലവിൽ തടസ്സമുണ്ടാകുന്നതിന് കാരണമെന്ത്; വ്യക്തമാക്കാമോ; | (ബി) സംസ്ഥാന സഹകരണ ബാങ്കിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്താണ് ഹ്രസ്വകാല കാർഷികവിള വായ്പകൾക്ക് നബാർഡ് പുനർ വായ്പ അനുവദിക്കുന്നത്. സംസ്ഥാന സഹകരണ ബാങ്ക്, ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11(1)ലെ നിബന്ധനകൾ പാലിയ്ക്കാത്തതുകാരണം നബാർഡ് പുനർവായ്പ ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ ഗ്യാരണ്ടിയോ, ഗവൺമെന്റ് സെക്യൂരിറ്റി പണമായി നൽകുയോ വേണമെന്ന് നബാർഡ് നിഷ്കർഷിച്ചിരുന്നു. കൂടാതെ, സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 10% ൽ അധികരിച്ചതുകാരണം സംസ്ഥാനത്തിനു ലഭിയ്ക്കേണ്ട നബാർഡ് പുനർവായ്പയിൽ 5% കുറവും സംഭവിക്കുന്നു. |
| (സി) ഇതുമൂലം കാർഷികമേഖലയിൽ ഉണ്ടായ പ്രതിസന്ധിയും കർഷകർ നേരിടുന്ന ബുദ്ധിമുട്ടും പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ? | (സി) സംസ്ഥാന സഹകരണ ബാങ്ക്, ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ 11 (1)ലെ നിബന്ധന പാലിയ്ക്കാത്തതുകാരണം കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വിള വായ്പകൾ വിതരണം ചെയ്യുന്നതിന് നബാർഡ് പുനർവായ്പ ലഭ്യമാക്കിയിരുന്നില്ല. നബാർഡ് പുനർവായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി വേണമെന്ന് നബാർഡ് നിഷ്കർഷിച്ച സാഹചര്യത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം നബാർഡ് പുനർവായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി നിൽക്കുകയും നബാർഡ് |

പുനർവായ്പ ലഭ്യമാക്കുകയും ചെയ്തു. ഇതുവഴി സംസ്ഥാനത്ത് കാർഷിക വായ്പാ വിതരണം സാധാരണ ഗതിയിലാക്കുന്നതിനും കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ഹ്രസ്വകാല കാർഷിക വിളവായ്പകൾ 7% പലിശനിരക്കിലാണ് വിതരണം ചെയ്യുന്നത്. വായ്പാതുക കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3% പലിശ സബ്‌വെൻഷൻ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ബാക്കി വരുന്ന പലിശ സംസ്ഥാന സർക്കാർ വഹിക്കുകയും കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത കാർഷിക വായ്പ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു. 2012-2013 വർഷത്തിൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വിളവായ്പയ്ക്കുള്ള പുനർവായ്പാ പരിധിയ്ക്കുള്ള അപേക്ഷ, ഇതിനോടകം നബാർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ